**QP CODE** **Enrollment Number: ..................**

**C1107** **Name: ....................................**

**B.A/BCA/B.Sc DEGREE EXAMINATIONS, AUGUST 2025**
**Second Semester**
**B21ML01LC – മലയാളസാഹിത്യം: കവിത- കഥ- ഉപന്യാസം- നോവൽ**

**(2023 January & 2024 July Admissions)**
**(Regular/Supplementary/Improvement)**

**Time: 3 Hours** **Max Marks: 70**

## Section A

**ഏതെങ്കിലും പത്തു ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ മാർക്ക് വീതം.**

1. വൈലോപ്പിള്ളിയ്ക്ക് കേരളസാഹിത്യഅക്കാദമി പുരസ്കാരം ലഭിച്ച കൃതി ഏത്?
2. 'എനിക്ക് മരണമില്ല' എന്ന കവിതയിൽ കവി കുതിരയെ എന്തിനോടാണ് ഉപമിക്കുന്നത്?
3. 'രാത്രിമഴ' ആരുടെ കവിതയാണ്?
4. വിശപ്പ് പ്രമേയമാക്കി ബഷീർ എഴുതിയ രണ്ട് കഥകൾ ഏതെല്ലാം?
5. മലയാളത്തിന്റെ മോപ്പസാങ് എന്ന് വിശേഷിപ്പിക്കുന്നത് ആരെ ?
6. മാധവിക്കുട്ടിയുടെ ജീവിതം ആവിഷ്കരിക്കുന്ന ചലച്ചിത്രമേത്?
7. പെണ്ണെഴുത്ത് എന്ന വാക്ക് മലയാളത്തിൽ ആദ്യമായി ഉപയോഗിച്ചത് ആര് ?
8. കല ജീവിതം തന്നെ എന്ന കൃതി രചിച്ചതാര്?
9. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം നാടകത്തെ ആസ്പദമാക്കി ജോസഫ് മുണ്ടശ്ശേരി എഴുതിയ ലേഖനം?
10. ശ്രീനാരായണഗുരുവിന്റെ ദർശനത്തിന്റെ കാതൽ എന്ത്?
11. ധ്വന്യാലോകം എഴുതിയത് ആര് ?
12. മലയാളത്തിലെ ആദ്യപട്ടാളനോവലേത് ?
13. ആദിവാസികളുടെ ജീവിതത്തെ അവതരിപ്പിച്ച മലയാളസാഹിത്യത്തിലെ ആദ്യനോവൽ?
14. ''ഇപ്പോൾ മലയിലെ അരയന്മാർക്കാ നല്ല കാലം. കുരുമുളകിന് വില കൂടുകയല്ലേ''? ആരുടെ വാക്കുകൾ?
15. കോവിലൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നതാര്?

**(1X10=10)**

## Section B

**ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ടു മാർക്ക് വീതം.**

16. "എവിടെപ്പോയൊളിച്ചാലും കണ്ടുപിടിക്കും
    ചാരക്കണ്ണിന് താഴെ ലോകം തീരെ ചെറുതായിത്തീരുന്നു".
    -ആശയം വ്യക്തമാക്കുക.
17. "ഭൂമിയെ അവിടെത്തന്നെ വെച്ചേക്കണേ
    തിന്നാൻ ഒന്നുമില്ലാതാകുമ്പോൾ തിന്നാനുള്ള മണ്ണാണത് " –
    ഈ വരികളിലൂടെ കവി വീരാൻകുട്ടി ധ്വനിപ്പിക്കുന്നതെന്ത്?
18. അയ്യപ്പപ്പണിക്കരുടെ കാടെവിടെ മക്കളെ എന്ന കവിതയിലുയരുന്ന മുന്നറിയിപ്പുകൾ എന്തെല്ലാം?
19. പാപത്തറ എന്ന കഥയുടെ പ്രമേയതലങ്ങൾ ഏതെല്ലാം?
20. "അമ്മേ നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മ വരിക". സന്ദർഭം വ്യക്തമാക്കുക.
21. കല കലയ്ക്ക് വേണ്ടിയാണോ അതോ സമൂഹത്തിന് വേണ്ടിയാണോ എന്ന വാദത്തിന് മാരാരുടെ പ്രതികരണം എന്ത്?
22. മഹാഭാരത കഥയിൽ നിന്നും വ്യത്യസ്തമായി ശകുന്തളോപാഖ്യാനത്തിൽ കാളിദാസൻ ശകുന്തളാ ദുഷ്യന്തന്മാരുടെ വേർപാടിന് കാരണമായി ശാപം കൊണ്ടുവന്നത് എന്തിനുവേണ്ടിയായിരുന്നു എന്നാണ് മുണ്ടശ്ശേരി അഭിപ്രായപ്പെടുന്നത് ?
23. ശ്രീനാരായണ ഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠയെ കുറിച്ച് കെ. പി. അപ്പൻ നിരീക്ഷിക്കുന്നത് എന്താണ് ?
24. പട്ടാള ജീവിതത്തെ പ്രമേയമാക്കി കോവിലൻ രചിച്ച നാല് നോവലുകൾ ഏതെല്ലാം ?
25. 'കൊച്ചരേത്തി' എന്ന നോവലിന്റെ പ്രധാന പ്രമേയങ്ങൾ എന്തെല്ലാം?

**(2X5=10)**

## Section C

**ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ചു മാർക്ക് വീതം.**

26. "ഏത് ധൂസര സങ്കല്പത്തിൽ വളർന്നാലും
    ഏത് യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും
    മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും മണവും
    മമതയും ഇത്തിരി കൊന്നപ്പൂവും"- സന്ദർഭവും ആശയവും വ്യക്തമാക്കുക.
27. സുഗതകുമാരി 'അമ്പലമണി'യിൽ മനുഷ്യ ജീവിതത്തേയും ഓട്ട് മണിയേയും പ്രതീകാത്മകമായി ബന്ധിപ്പിച്ചിരിക്കുന്നത് എങ്ങനെയാണ് ?
28. എ മൈനസ് ബി എന്ന നോവലിലെ ഡ്രൈവർ നിരഞ്ജൻ സിങ്ങിന്റെ ഭൂതകാലവും പട്ടാളത്തിലെ ജീവിതവും എങ്ങനെയുള്ളതായിരുന്നു.?
29. സമൂഹത്തിലെ ഭ്രഷ്ടരായവരുടെ പ്രതീകമാണ് 'വെള്ളപ്പൊക്കത്തിലെ പട്ടി'. സ്വാഭിപ്രായം വ്യക്തമാക്കുക.

**QP CODE**
**C1107**

30. കാളിദാസനും കാലത്തിന്റെ ദാസൻ ആണെന്ന് ജോസഫ് മുണ്ടശ്ശേരി സമർത്ഥിക്കുന്നത് എങ്ങനെ?
31. ഗോത്ര ജീവിതത്തെ അവരിൽനിന്ന് ഒരാൾതന്നെ അവതരിപ്പിക്കുമ്പോൾ ആഖ്യാനത്തിന് മിഴിവ് കൂടും. 'കൊച്ചരേത്തി' ആധാരമാക്കി വിവരിക്കുക.
32. സത്യസൗന്ദര്യങ്ങളുടെ കലർപ്പാണ് കല എന്ന മാരാരുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനമെന്ത്?
33. പാശ്ചാത്യസാഹിത്യം മാനവികതയെയും ജനാധിപത്യത്തെയും അഭിസംബോധന ചെയ്തെങ്കിലും അത് വെള്ളക്കാരനായ പുരുഷന്റെ നിലപാടിനോട് ചേർന്നുനിൽക്കുന്നു. വിശദമാക്കുക.
34. 'റെയിൽപ്പാളത്തിലിരുന്ന് ഒരു കുടുംബം ധ്യാനിക്കുന്നു' എന്ന കഥയിൽ പ്രതിഫലിക്കുന്ന ജീവിതദർശനത്തെക്കുറിച്ച് വിശദമാക്കുക.
35. പ്രതികരണശേഷിയില്ലാത്ത സമൂഹത്തിന്റെ നേരെ വിരൽ ചൂണ്ടുന്ന കൃതിയാണ് മുകുന്ദന്റെ ഡൽഹി 1981 -സ്വാഭിപ്രായം രേഖപ്പെടുത്തുക.
36. "വിഷവാതമൂതാത്ത വിഷവാണി കേൾക്കാത്ത വിഷനീർ കുടിക്കാത്ത നാടെവിടെ മക്കളെ" - നാടിനെ കുറിച്ചുള്ള കവി സങ്കല്പം വ്യക്തമാക്കുക.
37. സാമൂഹിക ജീവി എന്ന നിലയിൽ ഓരോ പട്ടാളക്കാരനും ചുമക്കുന്ന വ്യക്തിപരമായ വേദനയാണ് 'എ മൈനസ് ബി' എന്ന നോവൽ പരിശോധിക്കുന്നത് .വിശദമാക്കുക

**(5X6=30)**

## Section D

**ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ ഉത്തരം എഴുതുക. പത്തു മാർക്ക് വീതം**

38. മലയാളത്തിലെ ഏറ്റവും ശ്രദ്ധേയമായ സ്ത്രീപക്ഷരചനയായി കോലാടിനെ വിലയിരുത്താം- വിമർശനാത്മകമായി പ്രതികരിക്കുക.
39. പാർശ്വവത്കൃതരുടെ അനുഭവങ്ങളും കാഴ്ചപ്പാടുകളും മുഖ്യധാരാസാഹിത്യത്തിന്റെ ഭാഗമായിത്തുടങ്ങിയതിന്റെ സദ്ഫലമാണ് നാരായന്റെ രചനകൾ.-ചർച്ചചെയ്യുക.
40. ബൃഹദാഖ്യാനങ്ങളുടെ നടപ്പുവഴി വിട്ടുള്ള പുതുമലയാളകവിതയുടെ പ്രയാണങ്ങളിൽ വേറിട്ട സാന്നിധ്യമായി വീരാൻകുട്ടിയുടെ കവിതകൾ വായനക്കാരുടെ ഉള്ളിൽ സ്ഥാനം പിടിച്ചു. 'ഇൻസ്റ്റലേഷൻ' എന്ന കവിതയെ മുൻനിർത്തി വിലയിരുത്തുക.
41. മാനവികതാ ദർശനമാണ് ശ്രീനാരായണഗുരുവിന്റെ പ്രധാന സവിശേഷത എന്ന കെ പി അപ്പന്റെ നിരീക്ഷണത്തെ വിലയിരുത്തുക.

**(10X2=20)**